554

നമ്പർ. സി1/498/2017/റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 05/01/2018

## സർക്കുലർ നമ്പർ 01/2018

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – സാരഥി 4 നടപ്പാക്കുന്നത് – സംബന്ധിച്ച്

സൂചന :- ശ്രീ. ജോയി എം.വി.ഐ 22/07/2017 ൽ നൽകിയ സമർപ്പണം

ഇന്ത്യയൊട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകുവാനായി കേന്ദ്ര സർക്കാർ തുടക്കമിട്ട സാരഥി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. തുടർന്ന് ഈ സംവിധാനം എല്ലാ ഓഫീസുകളിലും താമസംവിനാ ഏർപ്പെടുത്താനാണ് വകുപ്പ് തയ്യാറെടുത്തുവരുന്നത്. പരമ്പരാഗത രീതികളിൽ നിന്നും വ്യത്യസ്തമായി അപേക്ഷ സമർപ്പണ രീതി മുതൽ മാറ്റം വരുന്നതിനാൽ ഈ വിഷയത്തിൽ താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1 ഡ്രൈവിംഗ് ലൈസൻസിന് ഓൺലൈനിൽ അപേക്ഷിക്കുന്ന വ്യക്തി, വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള രേഖകൾ സ്കാൻ ചെയ്ത് സമർപ്പിക്കണം. ഏതെങ്കിലും തരത്തിലുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രസ്തുത വിവരം രേഖപ്പെടുത്തി അപേക്ഷ നിരസിക്കേണ്ടതാണ്. നിലവിലുള്ള ലൈസൻസുകളുടെ തുടർ സേവനങ്ങൾക്ക് അനുബന്ധ രേഖകൾ തപാൽ വഴി അയയ്ക്കേണ്ടതാണ്.

2 അപേക്ഷയോടൊപ്പം അപേക്ഷകന്റെ സ്വന്തം പേരും മേൽവിലാസവുമെഴുതിയ സ്റ്റാമ്പൊട്ടിച്ച കവർ ഉണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3 അപേക്ഷ തപാൽ വഴിയോ, ഓഫീസിൽ നേരിട്ടോ സമർപ്പിച്ചാൽ ബന്ധപ്പെട്ട ക്ലാർക്ക് അപേക്ഷ ശരിയാണോയെന്നും ആവശ്യമായ അനുബന്ധ രേഖകളുണ്ടോ എന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ അപേക്ഷയിൽ നമ്പർ രേഖപ്പെടുത്താവൂ. അപേക്ഷ അപൂർണ്ണമായോ അനുബന്ധ രേഖകൾ ഇല്ലാതെയോ സമർപ്പിക്കപ്പെട്ടാൽ അപേക്ഷ കിട്ടുന്ന ദിവസം തന്നെ പോരായ്മകൾ ചൂണ്ടിക്കാട്ടി അപേക്ഷയോടൊപ്പമുള്ള അപേക്ഷകന്റെ സ്വന്തം മേൽവിലാസമെഴുതിയ കവറിലിട്ട് അയച്ചു കൊടുക്കേണ്ടതാണ്. ഇതിനായി നിയുക്തനായ ജീവനക്കാരൻ ഏതെങ്കിലും കാരണവശാൽ അവധി ആയാൽ പകരം നിയുക്തനായ ജീവനക്കാരൻ ഈ ജോലി അന്നേദിവസം തന്നെ ചെയ്യേണ്ടതാണ്.

4 ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ ഫീസും അഡീഷണൽ ഫീസ് ആവശ്യമായി വന്നാൽ ആയതും ഒടുക്കിനൽകുന്ന അപേക്ഷ അപൂർണ്ണമോ അനുബന്ധ രേഖകൾ ഇല്ലാത്തതോ ആണെങ്കിൽ പ്രസ്തുത വിവരം ഡിജിറ്റലായി രേഖപ്പെടുത്തി അപാകതകൾ പരിഹരിച്ച് തിരികെ സമർപ്പിക്കാനുള്ള നിർദ്ദേശത്തോടെ തിരിച്ചയയ്ക്കണം. അപാകതകൾ പരിഹരിച്ച് തിരികെ സമർപ്പിക്കുന്ന അപേക്ഷ പൂർണ്ണമായതും പോരായ്മകൾ ഇല്ലാത്തതുമാണെങ്കിൽ ടി അപേക്ഷ ഏത് തീയതിയിലാണോ ലഭിക്കുന്നത് ആ ദിവസം വരെയുള്ള അഡീഷണൽ ഫീസും ഫീസിനോടൊപ്പം ചേർത്ത്വേണം ഓഫീസിൽ സ്വീകരിക്കുവാൻ.

5 തപാലധികൃതരുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസത്തിന് വകുപ്പ് ഉത്തരവാദി ആയിരിക്കില്ലായെന്ന വിവരം അപേക്ഷകനെ അറിയിക്കണം

6 സേവനത്തിനുശേഷം deface ചെയ്ത പഴയ ലൈസൻസും അപേക്ഷാ ഫാറവും അനുബന്ധ രേഖകളും വരയിട്ട് വെട്ടിക്കളഞ്ഞ ശേഷം പുതിയ ലൈസൻസിനോടൊപ്പം അപേക്ഷകന് തിരികെ നൽകണം

7 ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുമ്പോഴും പുതിയ ഡ്രൈവിംഗ് ലൈസൻസ് ഇഷ്യൂ ചെയ്യുമ്പോഴും ടെസ്റ്റ് നടത്തുന്ന ഉദ്യോഗസ്ഥൻ ടെസ്റ്റ് ഷീറ്റ് വാങ്ങണം. ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് ഷീറ്റും അറ്റൻഡൻസ് ഷീറ്റും ഒരു വർഷം വരെ റിക്കാർഡ് സൂക്ഷിക്കുന്ന സെക്ഷനിൽ സൂക്ഷിക്കണം

8 അഡീഷണൽ എൻഡോഴ്സ്മെന്റിന് അപേക്ഷകൻ ഓൺലൈൻ മുഖേന അപേക്ഷ നൽകിയാൽ മതിയാകും. ലഭ്യമാകുന്ന ഓൺലൈൻ വിവരങ്ങൾ പ്രകാരം ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് ചെയ്തതിനുശേഷം അപേക്ഷ അവലോകനം ചെയ്ത് ടെസ്റ്റ് നടത്തുന്ന ഉദ്യോഗസ്ഥൻ, അപേക്ഷകൻ അപ്ലോഡ് ചെയ്ത രേഖകൾ അപേക്ഷകനിൽനിന്നും ഡ്രൈവിംഗ് ലൈസൻസ്, ടെസ്റ്റ് ഷീറ്റ് എന്നിവ സഹിതം വാങ്ങേണ്ടതാണ്. ഡ്രൈവിംഗ് ലൈസൻസ് എൻഡോഴ്സ് ചെയ്തതിന് ശേഷം പഴയ ലൈസൻസ് deface ചെയ്യേണ്ടതും, upload ചെയ്ത ഒറിജിനൽ രേഖകളുടെ പകർപ്പ് വരയിട്ട് വെട്ടിക്കളഞ്ഞ ശേഷം പുതിയ ലൈസൻസിനോടൊപ്പം അപേക്ഷകന് തിരികെ നൽകേണ്ടതാണ്

9 സാരഥി 4 പ്രകാരം ലേണേഴ്സ് ലൈസൻസിന്റെ കാലാവധി കഴിഞ്ഞാൽ വീണ്ടും ലേണേഴ്സ് ലൈസൻസ് ലഭിക്കുന്നതിന് ടെസ്റ്റ് നടത്താറില്ല. ലേണേഴ്സ് ലൈസൻസ് സൈദ്ധാന്തികമായ അറിവ് പരിശോധന ആയതിനാൽ ഒരിക്കൽ ലേണേഴ്സ് ലൈസൻസ് വിജയിച്ച ആളിന്

ലേണേഴ്സ് ലൈസൻസിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് വീണ്ടും ടെസ്റ്റ് നടത്തേണ്ട ആവശ്യമില്ല.

10 സാരഥി 4 സെക്ഷൻ 9 (5) പ്രകാരം ഡ്രൈവിംഗ് ലൈസൻസ് റീ ടെസ്റ്റ് 7 ദിവസത്തിനുള്ളിൽ നടത്തുവാൻ അനുവദിക്കുന്നുണ്ട്. ആയതിനാൽ കേരളത്തിൽ മുൻ സർക്കുലർ പ്രകാരം 14 ദിവസമായി നിജപ്പെടുത്തിയത് ഇതിനാൽ റദ്ദ് ചെയ്യുന്നു.

11 റിട്ടയർ ചെയ്ത ഓഫീസ് മേധാവിയുടെ യൂസർ അക്കൗണ്ട് യഥാ സമയം അസാധുവാക്കുന്നതിന് സംസ്ഥാന അഡ്മിനിസ്ട്രേറ്ററെയും റിട്ടയർ ചെയ്ത മറ്റുജീവനക്കാരുടെ യൂസർ അക്കൗണ്ട് അസാധുവാക്കുന്നതിന്ൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയും അറിയിച്ച് യൂസർ അക്കൗണ്ട് അസാധുവാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12 അപേക്ഷ സ്വീകരിക്കുമ്പോൾ മതിയായ ഫീസ് ഉണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾ എന്തെങ്കിലും ബോധ്യപ്പെട്ടാൽ എസ്.എസ്.ജി സെല്ലിനെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-

**ട്രാൻസ്പോർട്ട് കമ്മീഷണർ**

അംഗീകാരത്തോടെ

8/1/18

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ
(ടാക്സേഷൻ)

08/1/2018

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാരും

എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

എല്ലാ ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

പകർപ്പ്: എസ്.എസ്.ജി സെൽ - വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി.

സിധി

മോട്ടോർ വാഹന വകുപ്പ്, കേരള